(രജിസ്റ്റർ ചെയ്ത് കൈപ്പറ്റുചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-10/232/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ
ഫോൺ നം. 04860 227332
*doidk.ksad@kerala.gov.in*

തീയതി. 23.03.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)

ഇളംദേശം ബ്ലോക്ക്പഞ്ചായത്ത്

സർ

വിഷയം : ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇളംദേശം ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2) അസി. ഡെവലപ്മെന്റ് കമ്മീഷണർ, പൈനാവ്, ഇടുക്കി.

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-10/232/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ
ഫോൺ നം. 04860 227332
*doidk.ksad@kerala.gov.in*
തീയതി. 23.03.2017

## ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994**ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് **215(4), 1994**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13,**
**1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

********************************

ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക്പഞ്ചായത്തിന്റെ **2015-16** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 28.01.2016മുതൽ 20.02.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എസ്. മുരളിദാസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 21.02.2017 മുതൽ 27.02.2017 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ബേബി സനൂജ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീമതി. സൂസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുൺ മാത്യു | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. അനിറ്റ പി. സാമുവൽ | സീ. ഗ്രേ. ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സിബി ദാമോദരൻ | 01.04.2015 മുതൽ 31.10.2015 വരെ |
| | ഭരണ നിർവ്വഹണ കമ്മിറ്റി | 01.11.2015 മുതൽ 11.11.2015 വരെ |
| പ്രസിഡന്റ് | ശ്രീമതി. ബിന്ദു പ്രസന്നൻ | 12.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ. എൻ. എം. രാജു | 01.04.2015 മുതൽ 30.11.2015FNവരെ |
| | ശ്രീമതി. സി. ഐ. സുഹറത്ത് ബിവി | 30.11.2015AN മുതൽ 31.12.2015FN വരെ |
| | ശ്രീ. ലിബി സി. മാത്യൂസ് | 31.12.2015AN മുതൽ 08.02.2016FN വരെ |
| | ശ്രീമതി. സി. ഐ. സുഹറത്ത് ബിവി | 08.02.2016 AN മുതൽ 25.02.2016FN വരെ |
| | ശ്രീ. ഫിലിപ്പ് ജോസഫ് | 25.02.2016AN മുതൽ 31.03.2016 വരെ |

| മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| പട്ടികജാതിവികസനഓഫീസർ | ശ്രീ. വി.ജെ ജോർജ്ജ് കുട്ടി | 01.04.2015 മുതൽ 31.03.2016 വരെ |
| ട്രൈബൽഎക്സ്റ്റൻഷൻഓഫീസർ | ശ്രീ. അനൂപ്കുമാർ പി.സി. | 01.04.2015 മുതൽ 31.03.2016 വരെ |
| അസി.എക്സ്.എഞ്ചിനീയർ | ശ്രീമതി. ജിജി തോമസ് | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| വ്യവസായവികസനഓഫീസർ | ശ്രീ. കെ. കെ. ബാബുരാജ് | 01.04.2015 മുതൽ 31.03.2016 വരെ |
| ഡയറി എക്സ്റ്റൻഷൻഓഫീസർ | ശ്രീമതി. കെ. കെ. ഉഷാഭായി | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി അസി.ഡയറക്ടർ | ശ്രീ. ബെന്നി തോമസ് | 01.04.2015 മുതൽ 20.07.2015 വരെ |
| | ശ്രീമതി. സിസി പി. മാത്യു | 21.07.15 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി., ഇളംദേശം | ഡോ. സാം പി. ജോൺ | 01.04.2015 മുതൽ 24.08.2015 വരെ |
| | ഡോ. മായ രാജ് | 25.08.2015 മുതൽ 31.10.2015 വരെ |
| | ഡോ. സാം പി. ജോൺ | 01.11.2015 മുതൽ 13.11.2015 വരെ |
| | ഡോ. മറീന പി. ജോർജ്ജ് | 14.11.2015 മുതൽ 31.03.2016 വരെ |
| ചൈൽഡ് ഡെവലപ്മെന്റ് ഓഫീസർ | ശ്രീമതി. ആനി ജോസ് | 01.04.2015 മുതൽ 25.09.2015 വരെ |
| | ശ്രീമതി. ജിഷ ജോസഫ് | 26.09.2015 മുതൽ 26.10.2015 വരെ |
| | ശ്രീമതി. ആനി ജോസ് | 27.10.2015 മുതൽ 07.12.2015 വരെ |
| | ശ്രീമതി. ജിഷ ജോസഫ് | 08.12.2015 മുതൽ 22.12.2015 വരെ |
| | ശ്രീമതി. ബിന്ദു ബി. എ. | 23.12.2015 മുതൽ 31.03.2016 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളുടെ അപാകതകൾ | 1-12 |
| | ഭാഗം – 2 | |
| 13 | സെക്രട്ടറിയുടെ അക്കൗണ്ടിലെ നീക്കിയിരിപ്പ് സംബന്ധിച്ച് | 2-1 |
| 14 | ഇ-ടെൻഡർ ഫാറവില ബ്ളോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല | 2-2 |
| | ഭാഗം – 3 | |
| 15 | വെള്ളാരംകുന്ന് മേത്തോട്ടി റോഡ് പുനരിദ്ധാരണം അധിക തുക നല്കിയത് | 3-1 |
| 16 | അസി. എക്സി. എഞ്ചിനീയർക്ക് വാഹനവാടക നല്കിയത് | 3-2 |
| 17 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് | 3-3 |
| 18 | ബ്ലോക്ക്പഞ്ചായത്ത് ഗ്രൗണ്ട് പുനരുദ്ധാരണം | 3-4 |
| 19 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കുന്നില്ല | 3-5 |
| 20 | ഐ. എ. വൈ. പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-6 |
| | ഭാഗം – 4 | |

| | | |
|---|---|---|
| 21 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിന് നല്കിയത് | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയത് | 4-3 |
| 24 | വായ്പ /വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 29 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


***************************

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 25.03.2015 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം വരവ് ₹26,17,06,000/-യും ചെലവ് ₹26,08,16,000/-യും ആണ്. പുതുക്കിയ ബജറ്റ് 28.03.2016 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം വരവ് ₹23,17,46,000/-യും ചെലവ് ₹26,09,01,000/-യും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2015 | 20.07.2015 | _ | _ |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2015-16 | ഈ ഓഡിറ്റിനൊപ്പം പരിശോധിച്ചു | - |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹3,69,22,427 |
| വരവ് | ₹9,35,66,240 |
| ആകെ | ₹13,04,88,667 |
| ചെലവ് | ₹9,38,04,289 |
| നീക്കിയിരിപ്പ് | ₹3,66,84,378 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 4487542 | 22446000 | 26933542 | 21900104 | 81.31 |
| വികസനഫണ്ട് - എസ്.സി.പി. | 2374078 | 3908000 | 6282078 | 6282078 | 100 |
| വികസനഫണ്ട് - ടി.എസ്.പി. | 914438 | 8372000 | 9286438 | 8605131 | 92.66 |
| സംരക്ഷണഗ്രാന്റ് റോഡ് – നോൺറോഡ് | 823052 | 3268000 | 4091052 | 2021099 | 49.40 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 64 | 46953090 | 49 | 38808412 | 8 | 7 | 76.56 |

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 39 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | കൂടുതൽ/കുറവ് |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 155745 | 137919 | (-)17826 | (-)11.44 |
| മറ്റുവരവുകൾ | 535484 | 819797 | (+)284313 | (+)53 |
| ആകെ | 691229 | 957716 | (+)266487 | (+)39 |

## 1-8 ക്ഷേമപദ്ധതികൾ

– ബാധകമല്ല –

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.02.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹59,353/- ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്റ്റോക്ക് രജിസ്റ്ററുകൾ എല്ലാ രേഖപ്പെടുത്തലുകളും നടത്തി പരിപാലിക്കുന്നില്ല. സെക്രട്ടറിമാരുടെ സ്ഥലമാറ്റ സമയത്ത് സ്റ്റോക്ക് രേഖാമൂലം കൈമാറ്റം ചെയ്യുന്നില്ല. ആസ്തികൾ സൃഷ്ടിക്കുന്നത് കൃത്യമായി ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല. ഇൻകുമ്പൻസി രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിൽ 8 നിർവ്വഹണ ഉദ്യോഗസ്ഥരുണ്ടായിട്ടും 4 പേർക്കും ചുമതല നൽകിയില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.01.2012 | 2009-10 & 2010-11 | ലഭിച്ചിട്ടില്ല |
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 06.02.2015-07.02.2015 | 2012-13 | 28.04.2015 |

## 1-12 വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ

വാർഷിക കണക്കുകൾ സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു

- ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകയുടെ കൃത്യത പരിശോധിക്കാനായില്ല.
- ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
- വാടകയുടെ ഡി.സി.ബി തയ്യാറാക്കിയിട്ടില്ല. അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.
- സ്റ്റോക്ക് രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
- ബാങ്ക് ട്രഷറി അക്കൗണ്ടുകൾ റിക്കൺസിൽ ചെയ്തിട്ടില്ല.

*************************

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഐ.എ.വൈ അക്കൗണ്ടിൽ ഗണ്യമായ തുക അവശേഷിക്കുന്നു

ബ്ലോക്ക്പഞ്ചായത്തിന് ഇന്ദിരാ ആവാസ് യോജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് 2 ബാങ്ക് അക്കൗണ്ടുകൾ നിലവിലുണ്ട്. പ്രസ്തുത അക്കൗണ്ടുകളിൽ ഗണ്യമായ തുക നീക്കിയിരിപ്പുള്ളതായി ഓഡിറ്റിൽ കാണുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം/ ബാങ്ക് ശാഖ | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് തുക ₹ | അഭിപ്രായക്കുറിപ്പുകൾ |
|---|---|---|---|---|
| 1 | IAY സംസ്ഥാന | 4450 | 65315 | - |

| | | | | |
|---|---|---|---|---|
| | വിഹിതം | | | |
| 2 | IAYപ്ലാൻ | 40390201006253 | 26261213 | - |

ഉദാത്തമായ ലക്ഷ്യം മുൻനിർത്തി കേന്ദ്ര, സംസ്ഥാന സർക്കാരുകൾ, ഇതര തലത്തിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ലഭ്യമാക്കിയ വിഹിതങ്ങൾ യഥാവിധി സമയബന്ധിതമായി വിനിയോഗിക്കാതെ അക്കൗണ്ടിൽ മുതനിക്ഷേപമായി സൂക്ഷിച്ച നടപടി അംഗീകരിക്കാവുന്നതല്ല. 2015-16 സാമ്പത്തിക വർഷത്തോടെ ഐ.എ.വൈ. കേന്ദ്ര സർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ ടി തുകയുടെ വിനിയോഗത്തിൽ ഏറെ സങ്കീർണതയും കാലതാമസവും നേരിടുമെന്നത് വ്യക്തമാണ്. അവശേഷിക്കുന്ന തുക വിനിയോഗത്തിന് പ്രത്യേക ഉത്തരവിലൂടെ അനുമതി നേടിയെടുക്കാൻ അടിയന്തിര നടപടികൾ ഭരണതലത്തിൽ സ്വീകരിക്കേണ്ടതാണ്.

## 2-2 ഇ-ടെണ്ടർ ഫാറവില ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുന്നില്ല.

ബ്ലോക്ക്പഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ ടെണ്ടർ ഫാറവില ഓൺലൈൻ പേമെന്റ് സംവിധാനത്തിലൂടെയാണ് കോൺട്രാക്ടർമാർ ഒടുക്കുന്നത്. ആയതിനാൽ ടി തുക ബ്ലോക്ക്പഞ്ചായത്തിന് ലഭിക്കുന്നില്ല. ടെണ്ടർ ഫാറവില ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസി വിഹിതം ₹25,00,000/- ചെലവഴിക്കാതെ അവശേഷിക്കുന്നു

ഹിൽ ഏരിയ ഡെവലപ്മെന്റ് ഏജൻസിയുടെ (ഹാഡ) പച്ചക്കറി–ഫലവർഗ്ഗ വികസന പദ്ധതി പ്രകാരം ബ്ലോക്കിന് ലഭിച്ച ₹25,00,000/- ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. ഏജൻസി വിഭാവനം ചെയ്ത ലക്ഷ്യം സാക്ഷാത്കരിക്കുവാനുതകുംവിധം പ്രോജക്ടുകൾ ആവിഷ്കരിച്ച് തുക വിനിയോഗിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വെള്ളാരംകുന്ന് - മേത്തൊട്ടി റോഡ് പുനരുദ്ധാരണം - അധിക തുക നല്കിയത്

| | |
|---|---|
| നിർവ്വഹണം | അസി. എക്സി. എഞ്ചിനീയർ |
| പ്രോജക്ട് നം. | 18/16 |
| അടങ്കൽ | ₹8,00,000/- |

| | |
|---|---|
| കോൺട്രാക്ടർ | ശ്രീ. എം. കെ. സെബാസ്റ്റ്യൻ (6% കുറവ്) |
| എം. ബുക്ക് നം. | 24/15-16 |
| ബിൽ നം. | 21/30.03.2016 ₹7,84,691/- |

ടി വേലയുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ടാറിന്റെ വിലവ്യത്യാസം കണക്കാക്കി അടങ്കൽ തുകയിൽ ലിമിറ്റ് ചെയ്യാതെ ബിൽ തയ്യാറാക്കിയതിനാൽ ₹32,691/- അധികം പിൻവലിച്ച് നല്കിയിരിക്കുന്നു. അധികം നല്കിയ തുക വിശദമായ പരിശോധന നടത്താതെ തുക പിൻവലിച്ച അസി. എക്സി. എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | എം.ബുക്ക് പ്രകാരം നല്കിയ തുക ₹ | നല്കാവുന്ന തുക ₹ | അധികം നല്കിയത് ₹ |
|---|---|---|---|
| എം. ബുക്ക് പ്രകാരം പ്രവൃത്തി മൂല്യം | 880492.47 | 880492.47 | - |
| കുറയ്ക്കുക :<br>ടാറിന്റെ വില വ്യത്യാസം<br>20.70 x 2206.32കി.ഗ്രാം | 4714.95 | 45670.824 | - |
| | 834777.52 | 834821.646<br>അടങ്കൽ<br>തുകയിൽ<br>ലിമിറ്റ്<br>ചെയ്യുമ്പോൾ<br>800000 | - |
| കുറയ്ക്കുക ടെണ്ടർ കുറവ് (6% കുറവ്) | 50086.65 | 48000 | - |
| | 784690.87 = 784691 | 752000 | 32691 |
| കുറയ്ക്കുക വാറ്റ് 4% | 31388 | 30800 | 588 |

| | | | |
|---|---|---|---|
| ആദായ നികുതി 1% | 7847 | 7520 | 327 |
| ക്ഷേമനിധി വിഹിതം 1% | 7847 | 7520 | 327 |
| കൺവീനർക്കുള്ള തുക | 737609 | 706160 | 31449 |

വിശദാംശം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ല.

## 3-2 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് വാഹന വാടക നൽകിയത് അംഗീകരിക്കുന്നില്ല.

ബിൽ നമ്പർ -16/15-16 / 26.10.2015 ₹30,015/-

വിവിധ പദ്ധതികളുടെ നിർവ്വഹണമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനാവശ്യമായ സ്ഥലപരിശോധനയും നിലവിൽ തുടർന്ന് വരുന്ന പ്രവർത്തിയുടെ മേൽനോട്ട ആവശ്യങ്ങൾക്കായി യാത്ര ചെയ്ത വകയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് ₹30,015/- നൽകിയിട്ടുണ്ട്. ബ്ലോക്ക്പഞ്ചായത്തിന് നിലവിൽ 2 വാഹനങ്ങൾ ഉണ്ടായിരിക്കെ ടി വാഹനങ്ങൾ ഉപയോഗിക്കാതെ വാഹന വാടക നൽകിയത് അംഗീകരിക്കുന്നില്ല. ₹30,015/- ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ആയതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 3-3 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ബിൽ നമ്പർ : 26/15-16/ 11.03.2016 ₹15,04,078/-

പ്രോജക്ട് നമ്പർ : 66/16

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മണ്ണുക്കാട് എസ്. സി. കോളനി വൈദ്യുതീകരണം എന്ന പദ്ധതിയിൽ അസിസ്റ്റന്റ് എൻജിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, വണ്ണപ്പുറത്തിന് മേൽ സൂചിത ബിൽ പ്രകാരം ₹15,04,078/- നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെയായും ടി പ്രവർത്തി പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ₹15,04,078/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 ബ്ലോക്ക്പഞ്ചായത്ത് ഗ്രൗണ്ട് പുനരുദ്ധാരണം - ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

| | |
|---|---|
| നിർവ്വഹണം | അസി. എക്സി. എഞ്ചിനീയർ |
| പ്രോജക്ട് നം. | 29/16 |
| അടങ്കൽ | ₹5,00,000/- |
| കൺവീനർ | ശ്രീ. വി. സി. തോമസ് |
| ചെക്ക് നം. | 2262951/26.06.2015 ₹3,70,000/- |

| | |
|---|---|
| എം. ബുക്ക് നം. | 25/14-15 |

ഇളംദേശം ബ്ലോക്ക്പഞ്ചായത്ത് ഗ്രൗണ്ട് പുനരുദ്ധാരണ വേലയ്ക്കായി മേൽ പരാമർശിച്ച ചെക്ക് പ്രകാരം ₹3,70,000/- പിൻവലിച്ച് നല്കിയിട്ടുണ്ട്. എന്നാൽ ടി വേലയുമായി ബന്ധപ്പെട്ട് കൺവീനർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ, ഗുണഭോക്തൃസമിതിയുടെ മിനിറ്റ്സ് ബുക്ക്, മറ്റ് അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടി വേലയ്ക്കായി ചെലവഴിച്ച ₹3,70,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കുന്നില്ല

ജനകീയാസൂത്രണപദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വിവിധ തലങ്ങളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർവഹണ ഉദ്യോഗസ്ഥരെ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. അതാത് മേഖലയിൽ പ്രാഗൽഭ്യവും അനുഭവസമ്പത്തും കൈമുതലായുള്ള പ്രസ്തുത ഉദ്യോഗസ്ഥരുടെ സേവനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കാര്യക്ഷമമായി വിനിയോഗിക്കുന്നതിനുതകും വിധമാണ് ഇവരുടെ പുനർവിന്യാസം സാധ്യമാക്കിയത്. ഇതുപ്രകാരം ബ്ലോക്ക് പഞ്ചായത്തിന് സെക്രട്ടറിയെ കൂടാതെ അസി. എക്സി. എൻജിനിയർ, സി.ഡി.പി.ഒ., കൃഷി അസി. ഡയറക്ടർ, ചീഫ് മെഡിക്കൽ ഓഫീസർ, സീനിയർ വെറ്ററിനറി സർജൻ, ക്ഷീര വികസന ഓഫീസർ, വ്യവസായ വികസന ഓഫീസർ, പട്ടികജാതി വികസന ഓഫീസർ, പട്ടികവർഗ വികസന ഓഫീസർ തുടങ്ങിയ ഉദ്യോഗസ്ഥരുടെ സേവനം പദ്ധതി നിർവഹണത്തിന് ലഭ്യമാണ്.

എന്നാൽ ഇളംദേശം ബ്ലോക്ക്പഞ്ചായത്ത് പ്രസ്തുത ഉദ്യോഗസ്ഥരുടെ സേവനം ഫലപ്രദമായി വിനിയോഗിക്കുന്നതിൽ വേണ്ടത്ര താല്പര്യം പ്രകടിപ്പിച്ച് കാണുന്നില്ല. ഒരു മെഡിക്കൽ ഓഫീസർ ഉൾപ്പടെ 5 ഉദ്യോഗസ്ഥരെ മാത്രമാണ് പദ്ധതിയുടെ ഭാഗഭാക്കാക്കിയത്. മുപ്പതോളം വകുപ്പുകളെയും അവയിലെ ഉദ്യോഗസ്ഥരെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ കൈമാറിയത് അധികാരവികേന്ദ്രീകരണം എന്ന ലക്ഷ്യം സാക്ഷാത്കരിച്ച് ജനങ്ങൾക്ക് കാര്യക്ഷമമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനാണ്. പ്രസ്തുത ലക്ഷ്യം തമസ്കരിക്കുന്ന രീതിയിൽ പദ്ധതി നിർവഹണം ഏതാനും ചില ഉദ്യോഗസ്ഥരിൽ മാത്രം കേന്ദ്രീകരിക്കുന്ന പ്രവണത ഒട്ടുംതന്നെ ആശാസ്യമല്ല. ലഭ്യമായ ഉദ്യോഗസ്ഥരുടെ സേവനം പദ്ധതി ആസൂത്രണ-നിർവഹണ പ്രക്രിയകളിൽ പരമാവധി പ്രയോജനപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

## 3-6 ഐ. എ. വൈ. പദ്ധതി നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച്

(എ) ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16ലെ ഇന്ദിരാ ആവാസ് യോജന നടത്തിപ്പുമായി ബന്ധപ്പെട്ട് ഫയലുകൾ പരിശോധിച്ചതിൽ 2012-13 മുതൽ 2015-16 വരെ ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | ഗുണഭോക്താക്കളുടെ എണ്ണം | പണി പൂർത്തീകരിക്കാത്തവരുടെ എണ്ണം |
|---|---|---|---|
| 1 | 2012-13 | 326 | 26 |
| 2 | 2013-14 | 198 | 16 |
| 3 | 2014-15 | 198 | 36 |
| 4 | 2015-16 | 327 | 90 |
| | | ആകെ | 168 |

**(ബി)** ആദ്യ ഗഡു കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം തുടങ്ങിയിട്ടില്ല

ഈ പദ്ധതി പ്രകാരം ബ്ലോക്കിന്റെ പരിധിയിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം തുടങ്ങുക പോലും ചെയ്തിട്ടില്ല.

വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പഞ്ചായത്തിന്റെ പേര് | പേര് വിവരം | നൽകിയ തുക ₹ | ചെക്ക് നം./തീയതി |
|---|---|---|---|---|
| 1 | ആലക്കോട് | കുഞ്ഞമ്മിണി കുഞ്ഞുമോൻ, തെക്കനാൽ | 17500 | 2625/05.10.2015 |
| 2 | | മഞ്ജു രാജൻ, കളരിക്കുന്നേൽ | 17500 | 5498/09.11.2015 |
| 3 | | ശാന്ത കുറുമ്പൻ, കൊട്ടപ്പാടത്ത് | 17500 | 6289/17.11.2015 |
| 4 | കരിമണ്ണൂർ | രഞ്ജിനി റിജോ, ചെമ്പകശ്ശേരിൽ | 17500 | 16877/25.02.2015 |
| 5 | ഉടുമ്പന്നൂർ | ജയ ശ്രീകുമാർ | 17500 (കൈപ്പറ്റ് രസീത് ഉണ്ട്) | 3637/14.10.2015 |
| 6 | | ശോഭന കുട്ടി | 17500 (കൈപ്പറ്റ് രസീത് ഉണ്ട്) | 2675/6.10.2015 |
| 7 | | പൊന്നമ്മ നാരായണൻ | 17500 | 4266/21.10.2015 |

| | | | | |
|---|---|---|---|---|
| 8 | | ശോഭന തങ്കപ്പൻ | 17500 | 3637/14.10.2015 |
| 9 | | സുജ ശശി | 17500 | 3637/14.10.2015 |
| 10 | | സന്ധ്യമോൾ ഷിജു | 17500 | 12424/07.01.2016 |
| 11 | | രഞ്ജിമ അഭിലാഷ് | 17500 | 12424/07.01.2016 |
| 12 | | ജിജി ബിജു | 17500 | 12424/07.01.2016 |
| 13 | | രാജി ഷിജു | 17500 | 12424/07.01.2016 |
| 14 | | പെണ്ണമ്മ ഗോപാലൻ | 17500 | 1589/29.12.2015 |
| 15 | വണ്ണപ്പുറം | ജാനകി കുഞ്ഞപ്പൻ | 17500 | 18759/15.03.2016 |
| 16 | വെള്ളിയാമറ്റം | രമണി മോഹനൻ | 17500 | 3286/10.10.2015 |
| 17 | | വൽസല തങ്കപ്പൻ | 17500 | 4227/20.10.2015 |
| 18 | | അജിത ഹരിദാസ് | 17500 | 5343/4.11.2015 |
| 19 | | അമ്പിളി വിനോദ് | 17500 | 15575/06.02.2016 |
| 20 | | രെഞ്ജു പ്രവീൺ | 17500 | 5343/4.11.2015 |
| 21 | | സാബു ജോൺ തേട്ടത്തിൽ | 17500 | 9298/05.12.2015 |
| 22 | | ശശി മാധവൻ | 17500 | 16877/25.02.2016 |

ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവന നിർമ്മാണം തുടങ്ങിയില്ലായെങ്കിൽ പലിശ സഹിതം തുക തിരികെ ഈടാക്കുകയോ അല്ലാത്തപക്ഷം പണി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

**************************

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

– ഇല്ല –

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ

നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നമ്പർ | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ. എസ്. ഇ. ബി. | മണ്ണൂക്കാട് എസ്.സി കോളനി വൈദ്യുതികരണം – ലൈൻ നീട്ടൽ | 408107 തീ.15.3.16 | 1504078 | 1504078 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

– ഇല്ല –

## 4-4 വായ്പ/വായ്പ തിരിച്ചടവ്

– ഇല്ല –

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹80,000 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | ₹80,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹80,000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ആലക്കോട് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്<br>രസീത് നം 1302 തീ. 17.11.2014 | ₹35,000 |

| | |
|---|---|
| ആലക്കോട് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്<br>രസീത് നം 1812 തീ. 03.01.2015 | ₹35,000 |
| ആലക്കോട് സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്<br>രസീത് നം 2375 തീ. 03.04.2013 | ₹10,000 |
| ആകെ | ₹80,000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹5,155/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം./തീയതി |
|---|---|---|---|---|
| 1998-99 | ഭാഗം. 3<br>ഖണ്ഡിക 20, 21 | 780 | രേഖ സുദർശൻ പ്രസിഡന്റ് | 46/1345<br>തീ. 16.09.15 |
| 1998-99 | ഭാഗം. 3<br>ഖണ്ഡിക 21 | 105 | ആനീസ് ലൂക്കോസ്<br>മെമ്പർ | 46/1345<br>തീ. 16.09.15 |
| 1998-99 | ഭാഗം. 3<br>ഖണ്ഡിക 21 | 100 | ബെറ്റി ഫ്രാൻസീസ്<br>മെമ്പർ | 46/1345<br>തീ. 16.09.15 |
| 1998-99 | ഭാഗം. 3<br>ഖണ്ഡിക 21 | 30 | കെ. പി. ജഗദീശ് ചന്ദ്ര<br>സെക്രട്ടറി | 46/1345<br>തീ. 16.09.15 |
| 2013-14 | ഭാഗം. 3<br>ഖണ്ഡിക 1 | 4140 | പി. കെ. ജബ്ബാർ ഡ്രൈവർ | 46/1345<br>തീ. 16.09.15 |
| | ആകെ | 5155 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

– ഇല്ല –

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹9,35,66,240 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹9,38,04,289 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹62,706 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹18,74,078 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 32691 | ശ്രീമതി. ജിജി തോമസ്<br>അസി. എക്സി. എഞ്ചിനീയർ |
| 3-2 | - | 30015 | ശ്രീമതി. ജിജി തോമസ്<br>അസി. എക്സി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 15,04,078 | ശ്രീ. ഫിലിപ്പ് ജോസഫ്, സെക്രട്ടറി |
| 3-4 | 3,70,000 | ശ്രീമതി. ജിജി തോമസ്, അസി. എക്സി. എഞ്ചിനീയർ |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ. 3-4

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ജിജി തോമസ്, അസി.എക്സി. എഞ്ചിനീയർ | അസി. എക്സി. എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി.<br>ഇളംദേശം ബ്ലോക്ക് | പെരിങ്ങാരപ്പിള്ളിൽ<br>കൂവള്ളൂർ<br>കോതമംഗലം<br>എറണാകുളം ജില്ല |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.ഐ.-3/347/99/27.09.1999 |
| 1996-97 | എൽ.എഫ്.ഐ.-3/347/99/27.9.1999 |
| 1997-98 | എൽ.എഫ്.ഐ.-3/388/99/27.9.1999 |
| 1998-99 | എൽ.എഫ്.ഐ.-3/469/00/30.4.2001 |
| 1999-2000 | എൽ.എഫ്.ഐ.-3/504/01/17.5.2002 |
| 2000-01 | എൽ.എഫ്.ഐ.-3/179/03/12.11.2003 |
| 2001-02 | എൽ.എഫ്.ഐ.-4/222/04/2.12.2004 |
| 2002-03 | എൽ.എഫ്.ഐ.-4/76/05/4.5.2005 |
| 2003-04 | എൽ.എഫ്.ഐ.-4/707/06/3.3.2007 |
| 2004-05 | എൽ.എഫ്.ഐ.-4/437/07/8.6.2007 |
| 2005-06 | എൽ.എഫ്.ഐ.-4/786/08/20.01.2009 |

| | |
|---|---|
| 2006-07 | എൽ.എഫ്.ഐ.-4/241/09/21.04.2009 |
| 2007-08 | എൽ.എഫ്.ഐ.-4/258/01/13.7.2011 |
| 2008-09 | എൽ.എഫ്.ഐ.-4/1035/11/6.6.2012 |
| 2009-10 | എൽ.എഫ്.ഐ.-4/1036/11/28.6.2012 |
| 2010-11 | എൽ.എഫ്.ഐ.-4/311/13/25.7.2013 |
| 2011-12 & 2012-13 | എൽ.എഫ്.ഐ.-4/151/14/12.6.2014 |
| 2013-14 | കെ.എസ്.എ.ഐ.ഡി.കെ.-10/789/15/19.8.2015 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ.-10/147/2016/3.3.2016 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടിഡയറക്ടർ
ഇടുക്കി

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ-10/232/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ
ഫോൺ നം. 04860 227332
*doidk.ksad@kerala.gov.in*

തീയതി. 23.03.2017

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇളംദേശം ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## AUDIT CERTIFICATE

No.KSA-IDK-10/233/2017

Kerala State Audit Department
District Audit Office, Idikki
Phone No : 04862 227332
E-mail : doidk.ksad@kerala.gov.in

Dated:23.03.2017.

Certified that I have audited the Annual Financial Statement of **Elamdesam Block** Panchayath in **Idukki** District for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of Accounts of Panchayath Raj Instituitions.

In my opinion, the Financial Statements of **Elamdesam** Block Panchayath for the 2015-16, except the observations in my Audit Report properly presents the picture of Income and Expenditure.

SENIOR DEPUTY DIRECTOR

IDUKKI